# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 545      27.03.2018-ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വയോജനക്ഷേമ പരിപാടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. പി.ജെ.ജോസഫ്<br>ഡോ.എൻ. ജയരാജ് | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വയോജന നയം വാഗ്ദാനം ചെയ്യുന്ന സുപ്രധാന കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്രത്തോളം താത്പര്യം കാണിക്കുന്നുണ്ട്; വ്യക്തമാക്കുമോ; | (എ) | പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി മാർഗ്ഗരേഖ പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. വയോജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• വയോജനങ്ങൾക്ക് ശാരീരിക മാനസിക, സാംസ്കാരിക, പിന്തുണ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പദ്ധതികൾ<br>• വയോജനങ്ങൾക്ക് യോഗ പരിശീലനം നൽകുന്ന പദ്ധതികൾ ആയുഷ് വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുക.<br>• വിനോദ കേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതികൾ ഏറ്റെടുക്കുക.<br>• വയോജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും റാമ്പ്, കുടിവെള്ളം, ടോയ് ലറ്റ്, ഇരിപ്പിടം മുതലായ സൗകര്യങ്ങളും |

| | | | |
|---|---|---|---|
| | | | ആശുപത്രിയിൽ വയോജനങ്ങൾക്ക് പ്രത്യേകം "ക്യൂ"-വിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ<br>• വൃദ്ധ സദനം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ<br>• വയോജനങ്ങളായ കിടപ്പ് രോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നിവ സാന്ത്വന പരിചരണ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുക.<br>മേൽ പ്രകാരമുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു വരുന്നുണ്ട്. |
| (ബി) | ത്രിതല പഞ്ചായത്തുകളുടെ വികസന ഫണ്ടിന്റെ എത്ര ശതമാനം തുകയാണ് വയോജനങ്ങൾക്കായി നീക്കിവച്ചിട്ടുള്ളത്; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുവിഭാഗം വികസന ഫണ്ട്, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും നിർബന്ധമായും വകയിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്ക് അംഗീകാരം നൽകുമ്പോൾ ഇക്കാര്യം ഉറപ്പുവരുത്തുന്നുണ്ട്. |
| (സി) | വയോജനങ്ങളുടെ കൂട്ടായ്മകൾ രൂപീകരിച്ച് പരാതി പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സൗകര്യമൊരുക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | വയോജനങ്ങളുടെ കൂട്ടായ്മകൾ രൂപീകരിച്ച് പരാതി പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സൗകര്യമൊരുക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ